**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 134** **28-07-2021 - ൽ മറുപടിയ്ക്ക്**

**ഇടുക്കി പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | 12,000 കോടി രൂപയുടെ ഇടുക്കി പാക്കേജ് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | അഞ്ച് വർഷം കൊണ്ട് നടപ്പാക്കുന്ന ഇടുക്കി പാക്കേജ് 12,000 കോടി രൂപയുടേതാണ്. പ്രസ്തുതപദ്ധതി ത്വരിതപ്പെടുത്തുന്നതിനായി കൃഷി, തദ്ദേശസ്വയംഭരണം, വ്യവസായം, വനംവന്യജീവി, വിനോദസഞ്ചാരം, റവന്യൂ, മൃഗസംരക്ഷണം, പൊതുവിദ്യാഭ്യാസം, പരിസ്ഥിതി, ഊർജ്ജം, ജലസേചനം, മൃഗസംരക്ഷണം, പൊതുമരാമത്ത്, പട്ടികജാതി പട്ടികവർഗ്ഗവികസനം തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ് . |
| (ബി) | ഇടുക്കി പാക്കേജിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഇടുക്കിയുടെ സമഗ്രവികസനവും സമ്പദ്സമൃദ്ധിയും ലക്ഷ്യമിട്ടുകൊണ്ടുള്ള ഈ പാക്കേജിൽ ആറ് ലക്ഷ്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 1. കാർഷികവരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സ്ഥായിയായ രീതികളിലൂടെ കൃഷിയുടെയും മൃഗപരിപാലനത്തിന്റെയും ഉൽപ്പാദനക്ഷമത ഉയർത്തുക. 2. മൂല്യവർദ്ധിത സംസ്കരണ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക. 3. ടൂറിസം വികസിപ്പിക്കുക. 4. ഭൗതിക-സാമൂഹ്യ പശ്ചാത്തലസൗകര്യങ്ങൾ മെച്ചപ്പെടുത്തുക. 5. ദാരിദ്ര്യം തുടച്ചുനീക്കുക. 6. പരിസ്ഥിതി സന്തുലനാവസ്ഥ പുനസ്ഥാപിക്കുക. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടും വിഭവശേഷിപ്രയോജനപ്പെടുത്തികൊണ്ടും ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ് . ഇടുക്കി പാക്കേജ് പ്രഖ്യാപനത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് . |
| (സി) | പദ്ധതി നടത്തിപ്പിനുവേണ്ടി സ്പെഷ്യൽ ഓഫീസറെ നിയമിക്കുമോയെന്ന് അറിയിക്കാമോ; | (സി) | ഇടുക്കിപാക്കേജ് നടത്തിപ്പിനുവേണ്ടി, 05/07/2021 തീയതിയിലെ സ.ഉ.(സാധാ)നം.2446/2021 / പൊ.ഭ.വ പ്രകാരം സ്പെഷ്യൽ ഓഫീസർ ആയി ശ്രീ. അർജ്ജുൻ പാണ്ഡ്യൻ ഐ. എ.എസ് -നെ നിയമിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| (ഡി) | ഇടുക്കി പാക്കേജിന്റെ ഭാഗമായി ക്ഷീരോല്പാദനത്തിന് മുന്തിയ പരിഗണന നല്കമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഇടുക്കി ജില്ലയിൽ കൃഷി പ്രധാന ഉപജീവന മാർഗമായുള്ള കർഷകർ അനേകം ഉള്ളതിനാൽ ഇവിടം ക്ഷീരോല്പാദനത്തിന് വളരെ സാധ്യത കൂടുതലുള്ള ജില്ലയാണ്. ജില്ലയിൽ 194 ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇടുക്കി ജില്ലയിലെ ആയിരകണക്കിന് കുടുംബങ്ങൾക്ക് സ്ഥിരവരുമാന മാർഗ്ഗമാണ് പശുവളർത്തൽ. അതിനാൽ അവിടെ ഉല്പാദിപ്പിക്കുന്ന പാലിന്റെ ഉല്പാദനവും ഗുണനിലവാരവും വർദ്ധിപ്പിക്കുന്ന തിനായുള്ള പദ്ധതികളാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇടുക്കി പാക്കേജുമായി ബന്ധപ്പെട്ട് അനുവദിച്ചിരിക്കുന്ന 25 ലക്ഷം രൂപയ്ക്ക് പുറമേ ക്ഷീരവികസന വകുപ്പ് ജില്ലയിൽ 365.67 ലക്ഷം രൂപ പാലിന്റെ ഉല്പാദനവും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിനായുള്ള വിവിധ പദ്ധതികൾക്കായി അനുവദിച്ചിട്ടുണ്ട്. തീറ്റപ്പുൽകൃഷിക്കായി 48.72 ലക്ഷം രൂപ, വിജ്ഞാനവ്യാപനപ്രവർത്തനങ്ങൾക്കായി 15.02 ലക്ഷം രൂപ കാലിത്തീറ്റ സബ്സിഡിക്കായി 21 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. ഇതിനായി ജില്ലയിൽ 1.81 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ക്ഷീരസംഘങ്ങൾക്കായുള്ള ധനസഹായമായി 60 ലക്ഷം രൂപയും ഗുണനിയന്ത്രണ ലാബുകളുടെ പ്രവർത്തനത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി 8.12 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# ഇടുക്കി വികസന പാക്കേജ് 2021

ഇടുക്കിയുടെ വികസന പ്രതിസന്ധി ഇടുക്കിക്കാരുടെ മാത്രം പ്രശ്നമല്ല. കേരളത്തിലെ ജനസംഖ്യയുടെ 3.2 ശതമാനം അധിവസിക്കുന്ന ഇടുക്കിയിലെ ജനസംഖ്യയുടെ വലിയൊരുഭാഗം ദുർബലവിഭാഗങ്ങളാണ്. അതോടൊപ്പം കേരളത്തിന്റെ പെരുമയായ മലഞ്ചരക്കുകളുടെയും തോട്ടവിളകളുടെയും വിളഭൂമിയാണ് ഇടുക്കി. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ സിംഹപങ്കും ഇവിടെനിന്നാണ്. ഇവിടുത്തെ പശ്ചിമഘട്ട മലനിരകളുടെ പാരിസ്ഥിതികസന്തുലനാവസ്ഥയെ ആശ്രയിച്ചിരിക്കുന്നു മധ്യകേരളത്തിന്റെ നിലനിൽപ്പ്.

എന്നാൽ രൂക്ഷമായ കാർഷികത്തകർച്ച, ബദൽ തൊഴിലുകളുടെ അഭാവം, പാരിസ്ഥിതിക ഇടർച്ച തുടങ്ങിയവമൂലം കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളായി ഇടുക്കി പ്രതിസന്ധിയിലാണ്. കേരളത്തിലെ ഉൽപ്പാദനത്തിൽ ഇടുക്കിയുടെ വിഹിതം 2011-12 ൽ 3.8 ശതമാനമായിരുന്നത് 2018-19 ൽ 3.2 ശതമാനമായി കുറഞ്ഞു. ജനസംഖ്യയിലും കുറവുണ്ടായി. 2001 നും 2011 നും ഇടയിൽ കേരളത്തിലെ ജനസംഖ്യ 4.9 ശതമാനം ഉയർന്നപ്പോൾ ഇടുക്കിയിലെ ജനസംഖ്യ 1.8 ശതമാനം കുറഞ്ഞുവെന്നത് പ്രതിസന്ധിയുടെ രൂക്ഷതയിലേയ്ക്ക് വിരൽചൂണ്ടുന്നു. ഇതിനൊരു പരിഹാരം കാണുന്നതിനു വേണ്ടിയാണ് അഞ്ചു വർഷംകൊണ്ട് നടപ്പാക്കുന്ന 12,000 കോടി രൂപയുടെ പാക്കേജ് ഇന്ന് ഇവിടെ പ്രഖ്യാപിക്കുന്നത്.

ഇടുക്കിയുടെ സമഗ്രവികസനവും സമ്പദ്സമൃദ്ധിയും ലക്ഷ്യമിട്ടുകൊണ്ടുള്ള ഈ പാക്കേജ് ആറ് തൂണുകളിന്മേലാണ് ഉയർത്തിയിട്ടുള്ളത്.

1. കാർഷിക വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സ്ഥായിയായ രീതികളിലൂടെ കൃഷിയുടെയും മൃഗപരിപാലനത്തിന്റെയും ഉൽപ്പാദനക്ഷമത ഉയർത്തുക.
2. മൂല്യവർദ്ധിത സംസ്കരണ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക.
3. ടൂറിസം വികസിപ്പിക്കുക.
4. ഭൗതിക-സാമൂഹ്യ പശ്ചാത്തലസൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
5. ദാരിദ്ര്യം തുടച്ചുനീക്കുക.
6. പരിസ്ഥിതി സന്തുലനാവസ്ഥ പുനസ്ഥാപിക്കുക.

## സുഗന്ധവിളകൾ

1. ഇടുക്കിയിലെ 95 ശതമാനം ജനങ്ങളും ഗ്രാമീണ മേഖലയിലാണ് അധിവസിക്കുന്നത്. കാർഷിക പ്രധാനമായ ഇടുക്കി ജില്ലയിലെ മൊത്തം വരുമാനത്തിൽ കൃഷിയുടെ വിഹിതം സംസ്ഥാന ശരാശരിയുടെ മൂന്നു മടങ്ങാണ്. പക്ഷെ, കാർഷിക മേഖല രൂക്ഷമായ മുരടിപ്പിലാണ്. 2011-12 ൽ 4623 കോടി രൂപയായിരുന്നു ജില്ലയുടെ കാർഷിക വരുമാനം. സ്ഥിരവിലയിൽ 2018-19 ൽ 4225 കോടി രൂപയായി കുറഞ്ഞു.

2. വിളഭൂമിയുടെ 33 ശതമാനം കുരുമുളകാണ്. രോഗം ബാധിച്ചതും ഉൽപ്പാദനക്ഷമത കുറഞ്ഞതുമായ കുരുമുളകു വള്ളികൾ റീ-പ്ലാന്റ് ചെയ്യാൻ സബ്സിഡി നൽകും. ജാതി, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പു, കറുകപ്പട്ട എന്നിവയുടെ പ്രോത്സാഹനത്തിനും പ്രത്യേക സ്കീമുകൾ ആവിഷ്കരിക്കും. കൊക്കോ, കാപ്പി എന്നിവയും പുനരുദ്ധാരണ സ്കീമിൽ ഉൾപ്പെടുത്തും. ഉത്തമ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കും. ഇടുക്കിയിലെ കാർഷിക മേഖലയ്ക്കുള്ള ബജറ്റ് വിഹിതം ഇപ്പോൾ 30 കോടി രൂപയാണ്. ഇതു പ്രതിവർഷം 100 കോടി രൂപയായി ഉയർത്തും.

3. മുട്ടത്ത് 250 ഏക്കറിൽ സ്പൈസസ് പാർക്ക് 2021ൽ നിർമ്മാണം ആരംഭിക്കും. ക്ലീൻ ചെയ്ത് സ്റ്റെറിലൈസ് ചെയ്ത സ്പൈസസുകൾ, അവയിൽ നിന്നുള്ള ഓളിയോറെസിൻസ്, എണ്ണ, പൊടികൾ, മിശ്രിതങ്ങൾ, സീഹൈഡ്രേറ്റഡ് ഉൽപ്പന്നങ്ങൾ, കോൺസെൻറേറ്റുകൾ, പാനീയങ്ങൾ, പേസ്റ്റുകൾ തുടങ്ങിയവ ഉൽപ്പാദിപ്പിക്കുന്ന വ്യവസായ സംരംഭകർക്കു വേണ്ടിയാണ് പാർക്ക്. അവർക്ക് ആവശ്യമായ പൊതു സൗകര്യങ്ങൾ പാർക്കിലൊരുക്കും. 500 കോടി രൂപയാണ് കിൻഫ്ര നിക്ഷേപിക്കുക.

4. മൂല്യവർദ്ധിത വ്യവസായങ്ങൾ വളരുന്ന മുറയ്ക്ക് വിവിധ സ്പൈസസ് ഇനങ്ങൾക്ക് വയനാട്ടിലെ കാപ്പിയിലെന്ന പോലെ തറവില പ്രഖ്യാപിക്കും. ഹൈറേഞ്ചിലെ സുഗന്ധവ്യഞ്ജനങ്ങൾ പ്രത്യേകം ബ്രാൻഡ് ചെയ്ത് വിദേശ മാർക്കറ്റുകളിലും രാജ്യത്തെ പ്രധാന നഗരങ്ങളിലും എത്തിക്കും. ബ്രാൻഡിംഗിനായി കാർബൺ ന്യൂട്രൽ പദവി ജില്ലയ്ക്ക് നേടുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കും. ജില്ലയിലെ കാർബൺ ബഹിർഗമനം പരമാവധി കുറയ്ക്കുന്നതിനും അവശേഷിക്കുന്ന കാർബൺ വാതകങ്ങൾ വലിച്ചെടുക്കുന്നതിനും ആവശ്യമായത്ര മരങ്ങൾ നടുന്നതിനും ഒരു പദ്ധതി ആവിഷ്കരിക്കും.

   1) അടിയന്തിരമായി ജില്ലയിലെ വിവിധ മേഖലകളുടെ കാർബൺ ബഹിർഗമനം സംബന്ധിച്ച് പഠനം നടത്തും. ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ പ്രത്യേക വിലയിരുത്തലുകൾ ഉണ്ടാവും.

   2) ഊർജ്ജ ദുർവ്യയം ഒഴിവാക്കുന്നതിനും കാർബൺ മലിനീകരണം കുറയ്ക്കുന്നതിനും തദ്ദേശഭരണ പദ്ധതികളുടെ ഭാഗമായി പ്രത്യേക ഘടകപദ്ധതികൾ തയ്യാറാക്കുന്നതാണ്. അഞ്ചു വർഷംകൊണ്ട് ഓരോ പ്രദേശത്തെയും കാർബൺ മലിനീകരണം പരമാവധി കുറയ്ക്കുകയാണ് ലക്ഷ്യം.

   3) അതിനുശേഷവും ബാക്കിയുണ്ടാവുന്ന കാർബൺ ആഗീരണം ചെയ്യാൻ അധികമായി നടേണ്ട മരങ്ങളുടെ കണക്ക് എടുക്കുകയും വാണിജ്യാടിസ്ഥാനത്തിൽ തന്നെ ഇത്തരം മരങ്ങൾ നടുന്നതിനു പ്രോത്സാഹിപ്പിക്കാൻ ട്രീ ബാങ്കിംഗ് സ്കീമിനു രൂപം നൽകുകയും ചെയ്യും. മരം വച്ചുപിടിപ്പിക്കുന്ന കൃഷിക്കാർക്ക് മരം വെട്ടുമ്പോൾ വായ്പ തിരിച്ചടച്ചാൽ മതിയെന്ന അടിസ്ഥാനത്തിൽ ആന്വിറ്റി വായ്പയായി മരം ഒന്നിന് 50 രൂപ വീതം നൽകുന്നതാണ്. ഈ പദ്ധതിക്ക് വായ്പ നൽകുന്നതിന് കിഫ്ബിയുടെ ഗ്രീൻ ബോണ്ടുകളിൽ നിന്ന് ബാങ്കുകൾക്ക് ധനസഹായം നൽകാൻ കഴിയും.

ഏലം, കാപ്പി തോട്ടങ്ങളും തരിശുഭൂമിയും ഇത്തരത്തിൽ മരങ്ങൾ വച്ചുപിടിപ്പിക്കാൻ അനുയോജ്യമാണ്.

4) മരങ്ങൾ നടുന്നതിന് ജിയോ ടാഗ് നൽകുന്നതടക്കമുള്ള ഡോക്യുമെന്റേഷനുകൾ കൃത്യമായി നടത്തി അന്തർദേശീയ മാർക്കറ്റിൽ കാർബൺ ക്രെഡിറ്റ് നേടുന്നതിനുള്ള സംവിധാനമൊരുക്കും.

5. തദ്ദേശഭരണ സ്ഥാപനങ്ങളും സംസ്ഥാന സർക്കാർ ഏജൻസികളും സംയുക്തമായി ആവിഷ്കരിക്കുന്ന കാർബൺ ന്യൂട്രൽ പദ്ധതിക്ക് 100 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു. ഇതിനു പുറമേ ട്രീ ബാങ്കിംഗിലൂടെ 250 കോടി രൂപയെങ്കിലും വായ്പയായി ലഭ്യമാക്കും.

6. കീടനാശിനികളുടെയും രാസവളങ്ങളുടെയും അമിതമായ ഉപയോഗത്തെ നിയന്ത്രിക്കും. ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കും. സുഗന്ധ വ്യഞ്ജനങ്ങളിലെ അവശേഷിക്കുന്ന വിഷാംശം (Residual Toxicity) കണക്കാക്കുന്നതിന് ലാബോറട്ടറി സ്ഥാപിക്കും. മൊബൈൽ ആഗ്രോ ക്ലിനിക്കുകൾക്കു രൂപം നൽകും.

7. മണ്ണിൻറെ ആരോഗ്യം വീണ്ടെടുക്കുന്നതിന് ആവശ്യമായ ജൈവവളം, ജീവാണുവളം, കുമ്മായം, ഡോളമേറ്റ്, തുടങ്ങിയവ ലഭ്യമാക്കും. പഞ്ചായത്ത് തോറും ഹരിതകർമ്മസേനയുടെ പങ്കാളിത്തത്തോടെ ജൈവവള നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കും. ബ്ലോക്കുകളിലെ വിള ആരോഗ്യ കേന്ദ്രങ്ങളിലെ ജീവാണു വള നിർമ്മാണം ആരംഭിക്കും. ജൈവ വളം, ജീവാണു വളം, ജൈവ കീടനാശിനി, എന്നിവയുടെ ഗുണ നിലവാര പരിശോധനയ്ക്ക് ജില്ലയിൽ ലാബോറട്ടറി സ്ഥാപിക്കും. 25 കോടി രൂപ ചെലവു വരുന്ന ഈ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളും സംസ്ഥാന സർക്കാരും സംയുക്തമായിട്ടാണ് നടപ്പാക്കുക.

**റബ്ബർ , തേയില , കാപ്പി**

8. റബ്ബറിന്റെ താങ്ങുവില കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മറ്റു വിളകൾക്കുകൂടി ഇത് വ്യാപിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ സഹായം കൂടിയേതീരൂ. ഇതിനായി മുഴുവൻ കൃഷിക്കാരും ഒരുമിക്കേണ്ടതുണ്ട്.

9. ജില്ലയിൽ മുഖ്യമായും തേയില കൃഷി ചെയ്യുന്നത് വൻകിട കമ്പനികളാണെങ്കിലും വളരെയധികം ചെറുകിട കൃഷിക്കാരും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. 1 കിലോ കൊളുന്തിന് 7 രൂപയായിരുന്നത് 20 രൂപയോളം ഇപ്പോൾ വില ലഭിക്കുന്നത് സഹകരണ രംഗത്ത് തേയില ഫാക്ടറികൾ ആരംഭിച്ചതിനാലാണ്. എന്നാൽ ഫാക്ടറിയുടെ കപ്പാസിറ്റിയിലുള്ള പരിമിതിമൂലം ലഭിക്കുന്ന കൊളുന്ത് പൂർണ്ണമായും സംസ്കരിക്കുവാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അതിനാൽ ഇടുക്കി ജില്ലയിലെ സഹകരണ രംഗത്തുള്ള തേയില ഫാക്ടറികളുടെ നവീകരണത്തിന് 20 കോടി രൂപ പലിശരഹിത വായ്പ സഹകരണ ബാങ്കുകൾ വഴി ലഭ്യമാക്കും.

10. കാപ്പി, കൊക്കോ എന്നിവ സംസ്കരിക്കുന്നതിന് കൃഷിക്കാരുടെ പ്രൊഡ്യൂസർ കമ്പനികൾ സ്ഥാപിക്കും. ഇവയും ബ്രാൻഡ് ചെയ്യും.

11. കാർഷികാദായ നികുതി ഇതിനകം റദ്ദാക്കിയിട്ടുണ്ട്. റബ്ബർ തടികൾക്കുള്ള സീനൊറേജ് ഉപേക്ഷിച്ചു. തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് പ്രത്യേക സ്കീം വഴി ധനസഹായം നൽകും. ഇന്ന് തോട്ടങ്ങളിലെ തൊഴിലാളികളുടെ മുഴുവൻ സാമൂഹ്യക്ഷേമ ചെലവുകളും തോട്ടം ഉടമകളുടെ ബാധ്യതയാണ്. ഇവരുടെ പാർപ്പിടം, ചികിത്സ, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങളുടെ ചുമതല ഏറ്റെടുക്കുന്നതിന് മറ്റു പ്രദേശങ്ങളിലെന്നപോലെ തദ്ദേശഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്നതാണ്. തോട്ടം തൊഴിലാളികൾക്കുവേണ്ടി വാസയോഗ്യമായ ഫ്ലാറ്റുകളും ലയങ്ങളും നിർമ്മിക്കും.

**പഴവർഗ്ഗങ്ങളും പച്ചക്കറിയും**

12. ഇടുക്കി വൈവിധ്യമാർന്ന പഴവർഗ്ഗങ്ങളുടെയും ശീതകാല പച്ചക്കറികളുടെയും കൃഷിക്ക് ഏറ്റവും അനുയോജ്യമാണ്. പ്രതിവർഷം ഒരുകോടി പഴവർഗ്ഗ തൈകൾ നടുന്ന സ്കീം ഇടുക്കിയിൽ ഊർജ്ജിതമായി നടപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വനം, കൃഷി വകുപ്പുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. തൊഴിലുറപ്പ് പദ്ധതി ഇതിനായി ഉപയോഗപ്പെടുത്തും. കൃഷിക്കാരുടെ ആവശ്യം അനുസരിച്ചുള്ള ഫലവൃക്ഷതൈകൾ ലഭ്യമാക്കും. ഇതിനായി നഴ്സറികൾ ഇടുക്കിയിൽ തന്നെ വ്യാപകമായി സ്ഥാപിക്കും.

13. തോട്ടങ്ങളിൽ ഭൂപരിഷ്കരണ നിയമത്തിന്റെ ചട്ടക്കൂട് പൂർണ്ണമായും നിലനിർത്തിക്കൊണ്ട് തെരഞ്ഞെടുക്കപ്പെട്ട ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുള്ള അനുവാദം നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

14. ഹൈറേഞ്ചിൽ 250 ഏക്കറിൽ ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതാണ്. ചെറുകിട സംരംഭങ്ങൾക്കു വേണ്ടിയുള്ള ടെട്രാ പാക്കിംങ് തുടങ്ങിയ പാക്കിംങ് സൗകര്യങ്ങൾ, ക്വാളിറ്റി ടെസ്റ്റിംഗ് സൗകര്യങ്ങൾ, ലാബുകൾ, വർക്ക്ഷെഡ്ഡുകൾ തുടങ്ങിയവ ഈ പാർക്കിൽ ഉണ്ടാവും. ഇതിനായി കെഎസ്ഐഡിസി 500 കോടി രൂപ ചെലവഴിക്കും.

15. ചക്കയുടെ പ്രാഥമിക സംസ്കരണം വിവിധ പഞ്ചായത്തുകളിലെ കേന്ദ്രങ്ങളിൽ നടത്തി കുരുവും പഴവും ഫുഡ് പാർക്കിൽ എത്തിച്ച് അവിടെ ആധുനിക യന്ത്രസംവിധാന സഹായത്തോടെ ഉൽപ്പന്നങ്ങളായി മാറ്റും. ഇന്ന് ഏതാണ്ട് പൂർണ്ണമായും പാഴായിപ്പോകുന്ന ചക്കപ്പഴം ഒരു ഉപവരുമാന മാർഗ്ഗമായി മാറും. ഡ്രൈ ഫ്രൂട്ട്സ്, ഫ്രൂട്ട്സ് വൈൻ, മിഠായികൾ, മധുരപലഹാരങ്ങൾ തുടങ്ങിയവയെല്ലാം ചെറുകിട സംരംഭങ്ങൾക്ക് അനുയോജ്യമാണ്.

16. കാർഷിക സംസ്കരണവുമായി ബന്ധപ്പെട്ട് സ്റ്റാർട്ട് അപ്പുകളും ചെറുകിട സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കും. കാർഷിക സംസ്കരണത്തിന് പ്രത്യേക ഹാക്കത്തോൺ സംഘടിപ്പിക്കും. 100 സ്റ്റാർട്ട് അപ്പുകൾക്കെങ്കിലും ധനസഹായം നൽകും. 5000 സംസ്കരണ യൂണിറ്റുകൾ ആരംഭിക്കും. 250 കോടി രൂപയെങ്കിലും വായ്പയും സബ്സിഡിയുമായി ഈ സംരംഭങ്ങൾക്ക് ലഭ്യമാക്കും. ബ്ലോക്ക് അടിസ്ഥാനത്തിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കും. ഈ പരിശീലന പരിപാടിക്ക് ജില്ലയിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സന്നദ്ധസംഘടനകളുടെയും സഹകരണം ഉറപ്പുവരുത്തും.

17. പച്ചക്കറികൾ, പഴങ്ങൾ, എന്നിവയ്ക്കായി ശീതീകരണ സംവിധാനങ്ങളോടുകൂടിയ സംഭരണ സംസ്കരണ ശാലകൾ ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രാഥമിക കാർഷിക സഹകരണ ബാങ്കുകൾ ആരംഭിക്കുന്നതാണ്. ഇതിനായി നബാർഡിന്റെ ധനസഹായം ഉപയോഗപ്പെടുത്തും. എല്ലാ പഞ്ചായത്തുകളിലും തറവില ഉറപ്പുവരുത്തുന്നതിനു വേണ്ടിയുള്ള കോഓപ്പ്-മാർട്ടുകൾ പച്ചക്കറി സംഭരണത്തിനും വിപണനത്തിനുമായി 6 മാസത്തിനുള്ളിൽ ആരംഭിച്ചിരിക്കും. വട്ടവട, കാന്തല്ലൂർ, മറയൂർ മേഖലകളിലെ ശീതകാല പച്ചക്കറി സംഭരണം ഉറപ്പാക്കുന്നതിനും വിഎഫ്പിസികെയും സ്ഥിരം സംവിധാനം ആരംഭിക്കുന്നതാണ്. നേന്ത്രക്കുലയുടെ സംഭരണം സംബന്ധിച്ചുള്ള പരാതികൾക്ക് പരിഹാരം കാണും.

18. സ്കൂളിൽ മുട്ടയും പാലും കൊടുക്കുന്ന പദ്ധതിയിൽ ചെറിയ മാറ്റം വരുത്തി പകുതി ദിവസങ്ങളിൽ എങ്കിലും മുട്ടയ്ക്ക് പകരം ഏത്തപ്പഴം കൊടുക്കാം, ഇത് കർഷകരിൽ നിന്നും നേരിട്ട് വാങ്ങുകയും ചെയ്യാം. ഉച്ചക്കഞ്ഞിക്കു പകരം കപ്പ, ചേമ്പ്, ചേന തുടങ്ങിയവ ചേർത്ത് രുചികരവും പരമ്പരാഗതവും ആയ പുഴുക്ക് കുട്ടികൾക്ക് നൽകാം. ഇതിനെ സംഭരണവുമായി ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. പച്ചക്കറി തറവിലയും സംഭരണവുമായി ബന്ധപ്പെട്ട് 100 കോടി രൂപയെങ്കിലും ചെലവഴിക്കുന്നതാണ്.

**മണ്ണ്-ജല സംരക്ഷണം**

19. കഴിഞ്ഞ രണ്ടു പ്രളയങ്ങളും വ്യാപകമായ മണ്ണിടിച്ചിലും ഇടുക്കി നേരിടുന്ന പാരിസ്ഥിതിക തകർച്ചയിലേയ്ക്ക് വിരൽ ചൂണ്ടുന്നുണ്ട്. ഇത് തടയാനൊരു അജണ്ട നമുക്ക് കീഴ്ത്തട്ടിൽ നിന്നുതന്നെ രൂപം നൽകണം. ഓരോ പഞ്ചായത്തും നീർത്തടാടിസ്ഥാനത്തിൽ മണ്ണുജല സംരക്ഷണത്തിനും കൃഷി പരിപാലനത്തിനും സമഗ്രമായ പദ്ധതികൾ ജനകീയ കാമ്പയിന്റെ അടിസ്ഥാനത്തിൽ രൂപം നൽകണം. ജലസേചന വകുപ്പും മണ്ണ്-ജലസംരക്ഷണ വകുപ്പും ഇതിനു പൂർണ്ണ പിന്തുണ നൽകും. ഇതോടൊപ്പം പ്രാദേശിക ദുരന്തനിവാരണ പദ്ധതി റിപ്പോർട്ടിന് അവസാനരൂപം നൽകണം. തോടുകളും പുഴകളും ജലാശയങ്ങളും ശുചീകരിക്കുകയും ആഴംകൂട്ടി സംരക്ഷിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും പ്രോജക്ടുകൾ എടുക്കണം. ഇതിന്റെ നേട്ടങ്ങൾ നിലനിർത്തണമെങ്കിൽ വൃഷ്ടി പ്രദേശത്തെ ഖര-ജല മാലിന്യ സംസ്കരണം വിജയിപ്പിച്ചേതീരൂ. ഓരോ പ്രദേശത്തും ചെയ്യേണ്ടതും ചെയ്യാൻ പാടില്ലാത്തുമായ പ്രവർത്തനങ്ങൾ പ്രാദേശികമായി കൂട്ടായിത്തന്നെ തീരമാനിക്കുന്ന ബൃഹത്തായ ഒരു പരിസ്ഥിതി പുനസ്ഥാപന കാമ്പയിനായിരിക്കും ഈ പ്രവർത്തനങ്ങൾ.

20. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഡിപ്പാർട്ട്മെന്റുകളുടെയും സന്നദ്ധസംഘടനകളുടെയും സഹായത്തോടെയായിരിക്കും പ്രാദേശിക നീർത്തട പദ്ധതികൾ രൂപംകൊള്ളുക. ഇവ ഉൾക്കൊള്ളിച്ചുകൊണ്ട് ജലസേചന വകുപ്പ് നദീതട പദ്ധതികൾ ആവിഷ്കരിക്കും. നീർത്തട പദ്ധതികളിൽ ഉൾക്കൊള്ളിക്കുന്ന മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് 250 കോടി രൂപ നബാർഡിൽ നിന്നും ലഭ്യമാക്കും.

21. പെരിയാർ, മുതിരപ്പുഴയാർ തീരങ്ങളിൽ പ്രളയംമൂലം വീടും സ്ഥലവും പൂർണ്ണമായി നഷ്ടപ്പെട്ടവരുടെ പുനരധിവാസം ഉറപ്പുവരുത്തുകയും തീരങ്ങൾ ജൈവമാർഗ്ഗങ്ങൾ വഴി തൊഴിലുറപ്പുമായി സംയോജിപ്പിച്ച് സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള പദ്ധതിക്കായി 50 കോടി രൂപ വകയിരുത്തും. പ്രളയബാധിത പ്രദേശങ്ങളിൽ റോഡുകളും മറ്റും പുനസ്ഥാപിക്കുന്നതിന് റീ-ബിൽഡ് കേരളയിൽ നിന്ന് 435 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം 2021-22 ൽ പൂർത്തീകരിക്കും.

22. പട്ടിശ്ശേരി ഡാം പമ്പാർ ബേസിനിൽ ഉൾപ്പെട്ടതാണ്. 140 മീറ്റർ നീളവും 33 മീറ്റർ ഉയരവുമുള്ള ഡാം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. 43 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ജലസേചന വകുപ്പ് 250 കോടി രൂപ മൊത്തം ചെലവഴിക്കും.

**മൃഗപരിപാലനം**

23. മാട്ടുപ്പെട്ടി ഫാമിനു പുറത്ത് മൃഗസംരക്ഷണത്തിനു ജില്ലയിൽ 10 കോടി രൂപയാണ് പ്രതിവർഷം ഇപ്പോൾ ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. ഇത് 25 കോടി രൂപയായി ഉയർത്തും. സംരംഭകത്വ അടിസ്ഥാനത്തിൽ ഫാമുകളെ പ്രോത്സാഹിപ്പിക്കും. എല്ലാ പഞ്ചായത്തുകളിലും ക്ഷീരസാഗരം മാതൃകയിലും ആട്ടഗ്രാമം മാതൃകയിലും കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കും. ജില്ലയിലെ വെറ്റിനറി സർവ്വീസ് കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും മൊബൈൽ ക്ലിനിക്ക് ആരംഭിക്കുകയും ചെയ്യും.

24. ഡാമുകളും കുളങ്ങളും കേന്ദ്രീകരിച്ച് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കും.

**ടൂറിസം**

25. ദേശീയ ടൂറിസം ഭൂപടത്തിൽ സ്ഥാനം പിടിച്ചിട്ടുള്ള മൂന്നാർ, തേക്കടി, വാഗമൺ, ഇടുക്കി തുടങ്ങിയ ഭൂപ്രദേശങ്ങൾ മാത്രമല്ല, ഹൈറേഞ്ചിലെ ഓരോ ഗ്രാമവും ഓരോ ടൂറിസ്റ്റ് കേന്ദ്രമാണ്. ഈ സാധ്യതയെ പരിസ്ഥിതി സന്തുലനാവസ്ഥ നിലനിർത്തിക്കൊണ്ട് എങ്ങനെ ഉപയോഗപ്പെടുത്താം എന്നതാണ് നമ്മുടെ മുന്നിലുള്ള വെല്ലുവിളി. ഇതിനുള്ള ഉത്തരമാണ് കേരള സർക്കാർ രൂപീകരിച്ചിട്ടുള്ള ഉത്തരവാദിത്വ ടൂറിസം നയം നൽകുന്നത്. ഉത്തരവാദിത്വ ടൂറിസം മിഷനു കീഴിൽ ടൂറിസം മേഖലയിൽ സംരംഭകത്വത്തെ വികസിപ്പിക്കുന്നതിന് താഴെപ്പറയുന്ന സ്കീമുകൾ ആവിഷ്കരിക്കുന്നതാണ്. ഇതിനുവേണ്ടിവരുന്ന പരിശീലനവും മിഷൻ തന്നെ ലഭ്യമാക്കും. 400 കോടി രൂപയുടെ വായ്പ ഇവയ്ക്ക് ആവശ്യമാണ്. പലിശ സബ്സിഡിക്കും പരിശീലനത്തിനുംവേണ്ടി ഉത്തരവാദിത്വ ടൂറിസം മിഷന് 50 കോടി രൂപ ലഭ്യമാക്കും.

26. ഒന്ന്, കെട്ടിട നിർമ്മാണത്തിൻറെ പേരിലുള്ള പരിസ്ഥിതിനാശം പരമാവധി ഒഴിവാക്കി ഈറ്റ, മുള തുടങ്ങിയ ഉത്പന്നങ്ങൾ ഉപയോഗിച്ച് മനോഹരമായ കോട്ടേജുകൾ നിർമ്മിക്കുകയാണ് ഒരു മാർഗ്ഗം. സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ കണക്കു പ്രകാരം 15 ലക്ഷം രൂപയ്ക്ക് ഇത്തരം കോട്ടേജുകൾ നിർമ്മിക്കാനാവും. പലിശ സബ്സിഡിയോടുകൂടി 1000 കോട്ടേജുകൾക്കു വായ്പ ലഭ്യമാക്കും. 25 കോട്ടേജുകളെങ്കിലും ഒരു സ്ഥലത്ത് നിർമ്മിച്ച്

ഇവർക്ക് പൊതുവായ സൗകര്യങ്ങൾ ഏർപ്പെടുത്തുക. കോട്ടേജുകളുടെ ഇത്തരം ക്ലസ്റ്ററുകൾ തൊഴിൽദായകവും വരുമാനദായകവുമാണെന്ന് പറയേണ്ടതില്ലല്ലോ.

27. രണ്ട്, ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് കൃഷിയും മൃഗസംരക്ഷണവും ക്ഷീര വികസനവും ഒരു പോലെ സാധ്യമാകുന്നു. നിലവിൽ ഫാം ടൂറിസത്തിന് ആവശ്യമായ 50 ഏക്കർ സ്വന്തമായുള്ളവർ കുറവായതിനാൽ 10 പേരുടെ ഒരു ഗ്രൂപ്പിന് ഫാം ടൂറിസത്തിനുള്ള സൗകര്യം നൽകുന്നതാണ്. ഇത്തരം 100 കേന്ദ്രങ്ങൾ ജില്ലയിൽ സ്ഥാപിക്കും.

28. മൂന്ന്, കല, കരകൗശലം, സംസ്കാരം, തുടങ്ങിയ ഉപജീവന പ്രവർത്തനങ്ങൾക്ക് 5000 ആളുകൾക്കു പരിശീലനം നൽകും. സ്വയംതൊഴിൽ യൂണിറ്റുകൾ സ്ഥാപിക്കാൻ അവർക്ക് സഹായം നൽകും. ക്രാഫ്റ്റ് വില്ലേജിനു രൂപം നൽകും.

29. നാല്, വിവിധങ്ങളായ 500 തദ്ദേശീയ ഭക്ഷണയൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പരിശീലനവും കടകൾ സ്ഥാപിക്കുന്നതിനുള്ള സഹായവും നൽകും.

30. അഞ്ച്, എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും തദ്ദേശഭരണ സ്ഥാപനങ്ങളുമായി യോജിച്ചുകൊണ്ട് മാലിന്യസംസ്കരണ സംരംഭങ്ങൾ ആരംഭിക്കും.

31. ആറ്, 10 പുതിയ മൈക്രോ ഡെസ്റ്റിനേഷനുകൾ ആരംഭിക്കും. ആയുർവേദ ടൂറിസത്തെ പ്രോത്സാഹിപ്പിക്കും.

32. മൂന്നാർ പട്ടണത്തിനും പ്രാന്തപ്രദേശത്തിനും മാസ്റ്റർപ്ലാൻ തയ്യാറാക്കും. 100 കോടി രൂപ ചെലവിൽ കെറ്റിഡിസി – കെഎസ്ആർറ്റിസി ബജറ്റ് ഹോട്ടൽ സ്ഥാപിക്കും. മൂന്നാറിലെ ടൂറിസം വകുപ്പിൻറെ ബൊട്ടാണിക്കൽ ഗാർഡൻറെ രണ്ടാംഘട്ട പദ്ധതി പൂർത്തിയാക്കും. മൂന്നാർ ട്രെയിൻ പുനരാവിഷ്കരിക്കും. മൂന്നാർ ചരിത്രം സംബന്ധിച്ച് മ്യൂസിയം സ്ഥാപിക്കും. ഇവയ്ക്കെല്ലാം 50 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു.

33. ഇടുക്കി ആർച്ച് ഡാമിനോട് അനുബന്ധിച്ച് ടൂറിസത്തിൻറെ 98 ഏക്കർ സ്ഥലത്ത് അഡ്വഞ്ചർ പാർക്ക് ത്രീഡി തീയേറ്റർ, ഉദ്യാനം, ഉൾപ്പെടെയുള്ള സമഗ്രമായ പദ്ധതികൾക്കായി 100 കോടി രൂപ ചെലവഴിക്കും. സ്വകാര്യ സംരംഭകർക്കും ഈ പാർക്കിൽ സ്ഥാനമുണ്ടാകും. ഇടുക്കി ഡാമിന്റെ നിർമ്മാണവും ചരിത്രവും വിനോദ സഞ്ചാരികളെ പരിചയപ്പെടുത്തുന്ന ഇടുക്കി ഡാം എക്സ്പീരിയൻഷ്യൽ സെൻറർ സ്ഥാപിക്കും.

34. ഇടുക്കി ജില്ലയിൽ നിരവധിയായ ടൂറിസം കേന്ദ്രങ്ങൾ ഉണ്ടെങ്കിലും അമ്യൂസ്മെൻറ് പാർക്കുകൾ ഇല്ലായെന്ന് പറയുന്നതാണ് ശരി. വാഗമൺ, ഇടുക്കി, മലങ്കര എന്നിവിടങ്ങളിൽ അതിനായി മിതമായ സാധ്യതകളുണ്ട്. അമ്യൂസ്മെൻറ് പാർക്കിനോടൊപ്പം ബോട്ടിംഗ് സൗകര്യം, റോപ്പ് വേ തുങ്ങിയ സൗകര്യങ്ങൾ കൂടിയുണ്ടായാൽ ഈ കേന്ദ്രങ്ങൾ കൂടുതൽ ആകർഷകമാകും. ഇവയും സംരംഭകത്വ മാതൃകയിലായിരിക്കും നടപ്പാക്കുക.

35. പരുന്തുംപാറയിൽ ഗ്ലാസ്സ് ബ്രിഡ്ജ്, മലങ്കര ഡാമിനോട് ചേർന്ന് മ്യൂസിക്കൽ ഫൗണ്ടൻ, അയ്യൻകോവിൽ തൂക്കുപാലം നവീകരണം, രാമക്കൽമേട്ടിൽ ബഡ്ജറ്റ് അക്കോമഡേഷൻ ഹോട്ടൽ, സത്രം, ചെങ്കര കുരിശുമല, തുവൽ, അഞ്ചുരുളി, കുട്ടിക്കാനം എന്നിവിടങ്ങളിലെ ടൂറിസം വികസനം ഏറ്റെടുക്കുന്നതാണ്. സാഹസിക ടൂറിസം കേന്ദ്രങ്ങൾ സ്ഥാപിക്കും.

36. പ്രധാന കേന്ദ്രങ്ങളിൽ ടേക്ക് എ ബ്രേക്ക് സ്റ്റേഷനുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്ഥാപിക്കും. ജില്ലാ ആസ്ഥാനത്ത് വർക്കിംഗ് വിമൻസ് ബജറ്റ് ഹോസ്റ്റൽ ആരംഭിക്കും. 50 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ടൂറിസം കേന്ദ്രങ്ങളിൽ പ്രത്യേക പാർക്കിംഗ് സൗകര്യങ്ങൾ വികസിപ്പിക്കും. പ്ലാസ്റ്റിക് നിരോധിക്കും.

37. ഇടുക്കി ജില്ലയിലെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളെ കൂട്ടിയിണക്കി ടൂറിസം ചെയിൻ സർവ്വീസും അനുബന്ധ സൗകര്യങ്ങളും ഒരുക്കും.

## റോഡുകളും പാലങ്ങളും

38. ജില്ലയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് 1000 കോടി രൂപയുടെ റോഡ്, പാലം നിർമ്മാണ പ്രവർത്തികൾ ഏറ്റെടുക്കും. പൊതുമരാമത്ത് വകുപ്പ് 245 കോടി രൂപയുടെ റോഡുകളും പാലങ്ങളുമാണ് നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. മറ്റൊരു 250 കോടി രൂപയുടെ പ്രവൃത്തികൾ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ഏറ്റെടുക്കും.

39. പ്രധാന ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുള്ള റോഡ് നിർമ്മാണത്തിന് പ്രാധാന്യം നൽകും. കാഞ്ചിയാർ – പുള്ളിക്കാനം – വാഗമൺ – കുട്ടിക്കാനം റോഡ്, ഈരാട്ടുപേട്ട – വാഗമൺ റോഡ്, മുറിഞ്ഞപുഴ – പാഞ്ചാലിമേട് റോഡ് എന്നീ റോഡുകൾ വീതി കൂട്ടി ബി.എം, ബി.സി നിലവാരത്തിലെത്തിക്കും. ഇടുക്കി, ഉടുമ്പൻചോല, ദേവികുളം നിയോജക മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന കാൽവരിമൗണ്ട് – മൂന്നാർ റോഡ് പുനർനിർമ്മിക്കുന്നതാണ്.

## വൈദ്യുതി

40. ഇടുക്കിയിലെ പ്രസരണ–വിതരണ മേഖലകൾ ദുർബലമാണ്. പ്രധാനമായും ഇത് നടക്കുന്നത് 66 കെവി ലൈനുകളും സബ്സ്റ്റേഷനുകളും മുഖാന്തിരമാണ്. ജില്ലയിൽ ഇടുക്കി ജലവൈദ്യുതി പദ്ധതിയുടെ ഭാഗമായി മൂലമറ്റത്തുള്ള ഗ്രിഡ് സ്റ്റേഷൻ ഒഴികെ നിലവിൽ 220 സബ്സ്റ്റേഷനുകളില്ല. ജില്ലയിൽ ചിത്തിരപുരം, നെടുങ്കണ്ടം എന്നീ രണ്ട് പുതിയ 220 കെവി സബ്സ്റ്റേഷനുകളാണ് ഉദ്ദേശിക്കുന്നത്. അതോടൊപ്പം ജില്ലയിലെ 66 കെവി പ്രസരണ ശൃംഖല 110 കെവിയിലേയ്ക്ക് ഉയർത്തും. കുത്താട്ടുകുളം – തൊടുപുഴ, മുണ്ടക്കയം – പീരുമേട് 110 കെവി ലിങ്കുകൾ സ്ഥാപിച്ച് ജില്ലയുടെ പ്രസരണശേഷി വർദ്ധിപ്പിക്കാനും ലക്ഷ്യമിടുന്നു. മുരിക്കാശ്ശേരിയിലും കുമിളിയിലും പുതിയ 110 കെവി സബ്സ്റ്റേഷനുകളും ലക്ഷ്യമിടുന്നു. പള്ളിവാസൽ നിന്ന് 33 കെവി ലൈൻ നിർമ്മിച്ച് മൂന്നാർ, മറയൂർ എന്നിവിടങ്ങളിൽ 33 കെവി സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ഈ പ്രസരണ പദ്ധതികൾക്കാകെ 400 കോടിയോളം രൂപയുടെ മുതൽമുടക്കാണ് പ്രതീക്ഷിക്കുന്നത്.

41. ഇടുക്കി ഡാം അടക്കമുള്ള റിസർവോയറുകളുമായി ബന്ധപ്പെട്ട് സോളാർ പാനലുകൾ മുഖാന്തിരം വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. രാമക്കൽമേട് അടക്കമുള്ള പ്രദേശങ്ങളിലെ കാറ്റാടി സാധ്യതകളും പരമാവധി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ അക്ഷയ ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് 200 മെഗാവാട്ടോളം വൈദ്യുതിയാണ് കൂടുതലായി പ്രതീക്ഷിക്കുന്നത്. 1000 കോടിയോളം രൂപയുടെ മുതൽമുടക്കാണ് ഈ പദ്ധതികൾക്കു പ്രതീക്ഷിക്കുന്നത്. ഇങ്ങനെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കൊണ്ടുപോകുന്നതിന് ഗ്രീൻ കോറിഡോർ പദ്ധതിയിൽ ഉൾപ്പെടുത്തി 200 കോടി രൂപയുടെ പ്രസരണ ശൃംഖലയും ഉദ്ദേശിക്കുന്നു. വൈദ്യുതി ഉൽപ്പാദന മേഖലയിൽ 780 മെഗാവാട്ട് ശേഷിയുള്ള ഇടുക്കി രണ്ടാംഘട്ടം രണ്ടു വർഷത്തിനുള്ളിൽ ആരംഭിക്കും. 3000 കോടി രൂപയാണ് ഇതിനു ചെലവു വരിക.

42. ഉൽപ്പാദന പ്രസരണ മേഖലകളിലെ വിപുലീകരണ പ്രവർത്തനങ്ങൾക്ക് അനുബന്ധമായി ജില്ലയിലെ വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും നടന്നു വരുന്നു. ദ്യുതി പദ്ധതിയിൽ വൈദ്യുതി വിതരണ മേഖലയിൽ 160 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് ഇടുക്കി ജില്ലയിൽ നടന്നു വരുന്നത്.

43. ഡാമുകളിലെ മണ്ണ് മാറ്റി സംഭരണശേഷി വർദ്ധിപ്പിക്കും.

## വനം

44. ഇടുക്കിയുടെ ഭാവി വികസനത്തിൽ വനങ്ങൾ സുപ്രധാന പങ്കുവഹിക്കും. പരിസ്ഥിതിയുടെ സന്തുലനം മെച്ചപ്പെടുത്തിക്കൊണ്ട് ജനങ്ങളുടെ വരുമാനം ഉയർത്തുന്നതിനാണ് ഈ പാക്കേജ്. വനസംരക്ഷണം ഉറപ്പാക്കുമ്പോൾ ജനങ്ങളുടെ നിലവിലുള്ള ഉപജീവന മാർഗ്ഗങ്ങൾ തടസപ്പെടില്ലെന്ന് ഉറപ്പുവരുത്തും. ഇത്തരമൊരു പരിശോധനയുടെ അടിസ്ഥാനത്തിലേ ബഫർസോൺ നടപ്പാക്കൂ.

45. വനഭൂമിയിലെ യൂക്കാലിപ്റ്റ്സ്, അകേഷ്യ, പൈൻ, ഗ്രാന്റീസ് തുടങ്ങിയ പുറം മരങ്ങൾ പിഴുതുമാറ്റി കാട്ടുമരങ്ങൾ വച്ചുപിടിപ്പിക്കും. ഇതുപോലെ പ്രകൃത്യാ സസ്യജാലങ്ങൾക്ക് ഭീഷണിയായി പെരുകുന്ന പുറംകളകൾ ഇല്ലാതാക്കും. ഉൾക്കാട്ടിൽ താമസിക്കുന്നവർ സന്നദ്ധരെങ്കിൽ പുനരധിവസിപ്പിക്കും.

46. വന്യജീവി ആക്രമണങ്ങൾ കൃഷിക്കും ജനങ്ങളുടെ ജീവനും വലിയ ഭീഷണിയായിട്ടുണ്ട്. ഈ സംഘർഷം ലഘൂകരിക്കുന്നതിന് നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിക്കും. കിഫ്ബിയിൽ നിന്ന് അനുവദിച്ചിട്ടുള്ള 100 കോടി രൂപ ഉപയോഗപ്പെടുത്തി ഇലക്ട്രിക് ഫെൻസിംഗ്, മതിൽ, കിടങ്ങ് തുടങ്ങിയ നടപടികൾ സ്വീകരിക്കും.

47. ഇവയോടൊപ്പം ചില ആഫ്രിക്കൻ രാജ്യങ്ങളിലെല്ലാം വിജയകരമായി പരീക്ഷിച്ചുവരുന്ന തേനീച്ച കൂടുകളുടെ ശൃംഖലയും പരീക്ഷിക്കുന്നതാണ്. കാട്ടാനകളുടെ ശല്യം കുറയ്ക്കുന്നതോടൊപ്പം ഇത് കൃഷിക്കാരുടെ വരുമാനവും വർദ്ധിപ്പിക്കും. വനസംരക്ഷണത്തിനു പ്രതിവർഷം 50 കോടി രൂപ വീതം ചെലവഴിക്കും.

48. ജനവാസ കേന്ദ്രങ്ങളിലെ തുരുത്തുകളിൽ ഒറ്റപ്പെട്ടുപോയ കാട്ടാനകളെ സുരക്ഷിത വനങ്ങളിലേയ്ക്ക് മാറ്റും. ഇതുപോലെ ഉൾക്കാട്ടുകളിൽ താമസിക്കുന്ന കൃഷിക്കാരെ പുനരധിവസിപ്പിക്കുന്നതിന് സ്കീമുകൾ ഉണ്ടാവും.

**കുടിവെള്ളം**

49. ജലജീവൻ മിഷൻ പദ്ധതി പ്രകാരം 2024 ഓട്ടുകൂടി ഇടുക്കി ജില്ലയിൽ പുതിയതായി 1.69 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകും. ഭൂപ്രകൃതിയുടെയും സ്രോതസ്സിലേയ്ക്കുള്ള അകലത്തിന്റെയും അടിസ്ഥാനത്തിൽ 2 മുതൽ 4 വരെ പഞ്ചായത്തുകൾ അടങ്ങുന്ന ഓരോ ക്ലസ്റ്ററുകളായാണ് ഇടുക്കി പാക്കേജ് വിഭാവനം ചെയ്തിരിക്കുന്നത്. പെരിയാർ, കല്ലാർ, തൊട്ടുപുഴയാർ എന്നീ നദികളും ഇടുക്കി, പൊൻമുടി, മുല്ലപ്പെരിയാർ തുടങ്ങിയ അണക്കെട്ടുകളും സ്രോതസ്സാക്കിയുള്ള 25 സ്കീമുകളാണ് നടപ്പാക്കുന്നത്. ഇതിൽ 19 എണ്ണം പുതിയ പദ്ധതികളും 6 എണ്ണം നിലവിലെ പദ്ധതികളുടെ പുനരുദ്ധാരണവുമാണ്. 1089 കോടി രൂപ ചെലവു വരുന്ന മേൽപ്പറഞ്ഞ പദ്ധതികളിലൂടെ 116 എംഎൽഡി ശുദ്ധജലംകുടി ജില്ലയിലെ 2.83 ലക്ഷം കുടുംബങ്ങൾക്കു വിതരണം ചെയ്യാൻ കഴിയും.

**വിദ്യാഭ്യാസം**

50. കേരളത്തിലെങ്ങും നടക്കുന്നതുപോലെ ഇടുക്കിയിലെ പൊതു വിദ്യാഭ്യാസവും കുതിപ്പിലാണ്. 177 കോടി രൂപയ്ക്ക് 81 സ്കൂളുകളാണ് പുതുക്കപ്പണിതുകൊണ്ടിരിക്കുന്നത്. 8 എണ്ണം പൂർത്തിയായി. ബാക്കി മുഴുവൻ സ്കൂളുകളുടെയും നിർമ്മാണം 2021-22 ൽ തീരും. ഉന്നതവിദ്യാഭ്യാസ രംഗത്ത് മൂന്ന് സർക്കാർ കോളേജുകളുടെ അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിന് 31 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇടുക്കിയിലെ കോളേജുകളിൽ കൂടുതൽ കോഴ്സുകൾ അനുവദിക്കുന്നതാണ്. പുതിയതായി ഒരു ട്രൈബൽ കോളേജ് സ്ഥാപിക്കുന്നതാണ്. എയ്ഡഡ് മാനേജ്മെന്റുകൾ തങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തുന്ന നിക്ഷേപത്തിന്റെ പകുതി സർക്കാർ ചലഞ്ച് ഫണ്ടായി നൽകും.

**ആരോഗ്യം**

51. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ഇടുക്കി മെഡിക്കൽ കോളേജ് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കും. 600 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ആവശ്യമായ തസ്തികകളും അനുവദിക്കും. ഏറ്റവും ആധുനികമായ ഓങ്കോളജി വിഭാഗം ഉറപ്പുവരുത്തും. ജില്ലയിൽ കാൻസർ അടക്കമുള്ള ജീവിതശൈലി രോഗങ്ങൾ നേരത്തെ കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കും.

52. പൈനാവിലെയും തൊടുപുഴയിലെയും ജില്ലാ ആശുപത്രികളും നെടുങ്കണ്ടം, പീരുമേട്, അടിമാലി താലൂക്ക് ആശുപത്രികളും നവീകരിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നെടുങ്കണ്ടം ആശുപത്രിയിൽ 70 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. അങ്ങനെ മൊത്തം 1000 കോടി രൂപയാണ് ആരോഗ്യ മേഖലയിൽ നിക്ഷേപിക്കുന്നത്.

## പാർപ്പിടം

53. ലൈഫ് മിഷന്റെ ഭാഗമായി പട്ടികജാതി വിഭാഗത്തിനും 4300 ഉം, പട്ടികവർഗ്ഗ വിഭാഗത്തിന് 7200 ഉം, ജനറൽ വിഭാഗത്തിന് 20000 ഉം വീടുകൾ നിർമ്മിച്ചു നൽകുന്നതാണ്. മൊത്തം 1043 കോടി രൂപ ഇതിനായി മുതൽമുടക്കുന്നതാണ്.

## പട്ടികവിഭാഗങ്ങളുടെ ക്ഷേമം

54. പട്ടികവിഭാഗങ്ങളുടെ പിന്നോക്കാവസ്ഥ സമ്പൂർണമായി ദൂരീകരിക്കാനുള്ള ഇടപെടലുകൾ കർശനമാക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സർക്കാരിന്റെയും പട്ടികവർഗ്ഗ ഉപപദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് സമഗ്രമായ അവലോകനം തെരഞ്ഞെടുപ്പു കഴിഞ്ഞാലുടൻ നടത്തും. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും പതിനാറാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുക.

55. ലൈഫ് വീടുകൾക്കു പുറമേ 2 ലക്ഷം രൂപ ചെലവഴിച്ച് പ്രതിവർഷം 500 വീതം പഠനമുറികൾ പട്ടികജാതി കുടുംബങ്ങൾക്കു നിർമ്മിച്ചു നൽകും. ഭവനനിർമ്മാണ സഹായം ലഭിച്ചിട്ടോ സ്വന്തം നിലയിൽ ആരംഭിച്ചിട്ടോ പൂർത്തീകരിക്കപ്പെടാത്ത പട്ടികജാതി വിഭാഗങ്ങളിലെ വീടുകൾക്ക് 1.5 ലക്ഷം രൂപ വീതം പണി പൂർത്തിയാക്കുന്നതിന് നൽകും. 560 വീടുവീതം പ്രതിവർഷം പൂർത്തിയാക്കുന്നതിനാണ് പരിപാടി. ഭൂരഹിതർക്ക് കിടപ്പാടം വാങ്ങുന്നതിന് 3.75 ലക്ഷം രൂപ വീതം നൽകുന്ന പദ്ധതിയിൽ പ്രതിവർഷം 810 കുടുംബങ്ങൾക്ക് സഹായം നൽകുന്നതാണ്.

56. ബജറ്റിൽ പ്രഖ്യാപിച്ച ദാരിദ്ര്യനിർമ്മാർജ്ജന മൈക്രോ പ്ലാൻ പദ്ധതിയുടെ ഏറ്റവും വലിയ ഗുണഭോക്താക്കൾ ഇടുക്കിയിലെ പട്ടികവിഭാഗങ്ങളായിരിക്കും. കുടുംബ പ്ലാനുകൾ തയ്യാറാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് – മുനിസിപ്പൽ തലത്തിൽ രൂപീകരിക്കുന്ന റിസോഴ്സ് ടീമുകൾക്ക് രൂപം നൽകും. ഓരോ കുടുംബത്തിന്റെയും ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് നിലവിലുള്ള സ്കീമുകളെ പരമാവധി പ്ലാനുകളിൽ സംയോജിപ്പിക്കും. ഉദാഹരണത്തിന് പരമദരിദ്രരുടെ ഒരു മുഖ്യപ്രശ്നം പാർപ്പിടമാണ്. ഭൂമി ഉണ്ടാകണമെന്നില്ല. നിശ്ചയമായും അവർ ലൈഫ് മിഷന്റെ ലിസ്റ്റിൽ വന്നിരിക്കും. ഇല്ലെങ്കിൽ ബദൽമാർഗ്ഗം കണ്ടെത്തും. ഇതുപോലെ വിദ്യാഭ്യാസ, ആരോഗ്യ, തൊഴിലാദി കാര്യങ്ങളിലെല്ലാം നിലവിലുള്ള സ്കീമുകളെ ഉപയോഗപ്പെടുത്തിയാണ് പ്ലാൻ ഉണ്ടാക്കുക. പ്രത്യേകമായി നിർദ്ദേശങ്ങൾക്കും രൂപം നൽകാം. ജോലി ചെയ്യുന്നതിനും വരുമാനം ആർജ്ജിക്കുന്നതിനും നിവർത്തിയില്ലാത്ത കുടുംബങ്ങൾക്ക് ഇൻകം ട്രാൻസ്ഫറായി മാസംതോറും സഹായം നൽകുന്നതിനും അനുവാദവും ഉണ്ടാകും. അധിക ചെലവിന്റെ പകുതി തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കണം. ബാക്കി കുടുംബശ്രീ വഴി സർക്കാർ ലഭ്യമാക്കും.

57. ഇതിനു പുറമേ ഊരുകളിലും കോളനികളിലും മിനിമം പൊതുസൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന്് അംബേദ്കർ ഏര്യാ പ്ലാനുകൾ തയ്യാറാക്കുന്നതാണ്. ഇതിനുവേണ്ടി മൂന്നുതട്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെയും, കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെയും സ്കീമുകളെ സംയോജിപ്പിക്കും. 100 കോടി രൂപ ചെലവഴിക്കും.

58. 100 ഗോത്രബന്ധു അധ്യാപകരെയും, 100 പഠനവീടുകളും ആദിവാസി മേഖലയിൽ പുതിയതായി അനുവദിക്കും. ഹോസ്റ്റലുകളും മോഡൽ റെസിഡന്റ്ഷ്യൽ സ്കൂളുകളും നവീകരിക്കും.

59. എല്ലാ ആദിവാസി ഊരുകളിലും അവരുടെ സ്വാശ്രയ സംഘങ്ങൾക്ക് റേഷൻകടകൾ അനുവദിക്കും. അർഹതപ്പെട്ട റേഷൻ വിഹിതം ഉറപ്പാക്കും.

60. ലയങ്ങളിൽ താമസിക്കുന്ന പട്ടികവിഭാഗങ്ങൾ അടക്കമുള്ള പ്ലാന്റേഷൻ തൊഴിലാളികൾക്ക് മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന സ്ഥിതിയുണ്ട്. എസ്റ്റേറ്റ് ഉടമകളുമായി ചർച്ച ചെയ്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ഇവരുടെ പാർപ്പിടവും മറ്റ് അടിസ്ഥാനസൗകര്യങ്ങളും ഉറപ്പുവരുത്തും. 500 കോടി രൂപ ഈ മേഖലയിൽ ചെലവഴിക്കുന്നതാണ്.

**തദ്ദേശഭരണ സ്ഥാപനങ്ങൾ**

61. നീർത്തട വികസന ആസൂത്രണം, കാർബൺ ന്യൂട്രൽ ഇടുക്കി പദ്ധതി, ചെറുകിട സംരംഭകത്വ വികസനം, ഉത്തരവാദിത്ത ടൂറിസം തുടങ്ങി പാക്കേജ് ഉൾപ്പെടുത്തിയിട്ടുള്ള പല സ്കീമുകളുടെയും പ്രാദേശിക ഏകോപനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർണ്ണായക പങ്കുണ്ട്. ജനസാന്ദ്രത താരതമ്യേന കുറഞ്ഞ ഇടുക്കിയിൽ എല്ലാ വീടുകൾക്കും ലാപ്ടോപ്പ് നൽകുന്നതിനുവേണ്ടിയുള്ള വിദ്യാശ്രീ പദ്ധതി വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്താൻ സഹായിക്കും. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിദ്യാശ്രീ പദ്ധതിക്ക് സബ്സിഡി തുക വകയിരുത്തണം. ഉപജീവന സംരംഭങ്ങളുടെ വായ്പയ്ക്കുള്ള പലിശ തദ്ദേശഭരണ സ്ഥാപനങ്ങൾക്കു വഹിക്കാനാവും. വിവിധ തട്ട് പഞ്ചായത്തുകളുടെ കൂടുതൽ ഏകോപിതമായ പ്രവർത്തനം ജില്ലയിലുണ്ടാവണം.

**കുടുംബശ്രീ**

62. കുടുംബശ്രീ വഴി കൂടുതൽ ഉപജീവന വായ്പകൾ ലഭ്യമാക്കും. ഉപജീവന തൊഴിലുകൾ സൃഷ്ടിക്കുന്നതിന് ഏറ്റവും പ്രധാനപ്പെട്ട ഏജൻസി ഇന്ന് കുടുംബശ്രീയാണ്. എല്ലാ പഞ്ചായത്തുകളിലും കയർ ആന്റ് ക്രാഫ്റ്റ് സ്റ്റോറുകൾ, ഒന്നിലേറെ ജനകീയ ഹോട്ടലുകൾ, മൾട്ടി ടാസ്ക് സേവന ടീമുകൾ, നിർമ്മാണ ഗ്രൂപ്പുകൾ, സംരംഭകത്വ പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയവയ്ക്കു രൂപം നൽകണം. സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾക്കെതിരെ ക്രൈം മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും പദ്ധതികൾക്കും രൂപം നൽകണം.

**പട്ടയം**

63. ഇടുക്കിയിലെ കൃഷിക്കാരുടെ ഉപാധിരഹിതമെന്ന പട്ടയമെന്ന ദീർഘകാല ആവശ്യം അംഗീകരിച്ചുകൊണ്ട് 1964 ലെ ഭൂമി പതിവുചട്ടങ്ങൾ ഭേദഗതി ചെയ്തു. കൈവശത്തിലുള്ള ഭൂമിയ്ക്ക് പട്ടയം ലഭിക്കുന്നതിനുണ്ടായിരുന്ന വരുമാന പരിധി ഒഴിവാക്കി. കൈവശമില്ലാത്ത ഭൂമി പതിച്ചു കിട്ടുന്നതിൽ കൈമാറ്റത്തിനുള്ള കാലാവധി 25 വർഷത്തിൽ നിന്നും 12

വർഷമാക്കി കുറവു ചെയ്തു. കൈവശ ഭൂമി പതിച്ചു കിട്ടുകയാണെങ്കിൽ ഈ ഭൂമികൾ എപ്പോൾ വേണമെങ്കിലും കൈമാറ്റം ചെയ്യാവുന്നതാണ്. ഈ ഭൂമികൾ സർക്കാരിലും ധനകാര്യസ്ഥാപനങ്ങളിലും റബ്ബർ, ടീ ബോർഡുകളിലും ഈടുവച്ച് വായ്പ എടുക്കുന്നതിനു സൗകര്യമൊരുക്കി. പട്ടയഭൂമിയിൽ കൃഷിക്കാർ വച്ചുപിടിപ്പിക്കുന്ന ചന്ദനം ഒഴികെയുള്ള മരങ്ങളുടെ അവകാശം കൃഷിക്കാർക്കു നൽകി. പട്ടയം ലഭിച്ച ഭൂമികൾ വനം വകുപ്പിന്റെ നോട്ടിഫിക്കേഷനിൽ നിന്നും ഒഴിവാക്കി.

64. ഇടുക്കി പദ്ധതി പ്രദേശത്ത് കാലങ്ങളായി താമസിക്കുന്ന എല്ലാപേർക്കും പട്ടയം വിതരണം ചെയ്യുന്നതിനുള്ള പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചു. പെരിഞ്ചാംകുട്ടിയിലെ ആദിവാസികളുടെ ദീർഘകാല ഭൂപ്രശ്നത്തിന് പരിഹാരം കണ്ടു. വാഗമണിലും മറ്റു പല പ്രദേശങ്ങളിലും സർവ്വേ നമ്പരുകളിലുണ്ടായ തെറ്റുകൾ തിരുത്തി. ഇതുപോലെ ഒട്ടേറെ പ്രാദേശിക പട്ടയ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കി.

65. മൂന്നാറിന് പ്രത്യേക പരിഗണന നൽകി പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്താൻ ക്രിയാത്മക ഇടപെടൽ നടത്തി. അനധികൃത നിർമ്മാണങ്ങൾക്ക് കടിഞ്ഞാണിട്ടു. നീലക്കുറിഞ്ഞി മലകളുടെ സംരക്ഷണത്തിനായി നടപടികൾ സ്വീകരിച്ചു. മൂന്നാർ പ്രദേശത്ത് സ്വന്തം താമസത്തിനായുള്ള ഗൃഹനിർമ്മാണത്തിന് എൻഒസി നൽകുന്നതിന് തഹസിൽദാർമാരെ ചുമതലപ്പെടുത്തി.

66. 1977 നു മുമ്പ് വനഭൂമി കൈവശം വന്നവർക്ക് അത് പതിച്ചുകൊടുക്കുന്നതിനുവേണ്ടി റവന്യു, വനം വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തി. കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുള്ള ഭൂമിക്ക് സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭ്യമല്ലെങ്കിൽപ്പോലും പട്ടയം നൽകാൻ ഉത്തരവ് ഇറക്കി.

67. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയിൽ ഇടുക്കി ജില്ലയിൽ 37815 പട്ടയങ്ങൾ വിതരണം ചെയ്തു. മറ്റൊരു 15000 പട്ടയങ്ങൾകൂടി വിതരണത്തിനു തയ്യാറായിട്ടുണ്ട്. പട്ടയം ലഭിക്കാത്ത കൈവശഭൂമിയുള്ള കൃഷിക്കാർക്ക് വായ്പയടക്കമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സഹകരണ മേഖല വഴി സ്വീകരിക്കും. അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി ഊർജ്ജിതമാക്കും.

**ഉപസംഹാരം**

68. സാധാരണഗതിയിലെ വിവിധ വകുപ്പുകളിലെ വികസന സ്കീമുകൾക്കായി ഇടുക്കി ജില്ലയിൽ ചെലവഴിക്കുന്നത് പ്രതിവർഷം 250-300 കോടി രൂപയാണ്. ഇത് ഈ പാക്കേജിലൂടെ 1000 കോടി രൂപയായി ഉയരുകയാണ്. ബാക്കി പാക്കേജിലെ തുകകൾ പാർപ്പിടം, കുടിവെള്ളം, ആരോഗ്യം, വിദ്യാഭ്യാസം പോലുള്ള മേഖലകളിലുള്ള നിക്ഷേപവും പശ്ചാത്തലസൗകര്യ സൃഷ്ടിയുമാണ്.

69. പാക്കേജിലെ ഏറ്റവും മുന്തിയ പരിഗണന കാർഷിക മേഖലയ്ക്കാണ്. രണ്ട് കാർഷിക സംസ്കരണ പാർക്കുകൾക്കുള്ള 1000 കോടി രൂപയടക്കം കാർഷിക മേഖലയുടെ അടങ്കൽ

3260 കോടി രൂപയാണ്. കാർഷിക മേഖല കഴിഞ്ഞാൽ പിന്നെ ഇടുക്കിയുടെ മുഖ്യവളർച്ചാ സ്രോതസ്സായ ടൂറിസത്തിന് 750 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

70. വൈദ്യുതിബോർഡിന്റെ 1760 കോടി രൂപയിൽ പകുതിയോളം ഇടുക്കി ജില്ലയ്ക്കുള്ളിലെ പ്രസരണ, വിതരണ ശേഷി മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ളതാണ്. ഇതിനുപുറമേ ഇടുക്കി രണ്ടാംഘട്ടത്തിനുള്ള 3000 കോടി രൂപയുടെ മുതൽമുടക്കുണ്ട്. അതു പാക്കേജിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ആശുപത്രികൾക്ക് 1000 കോടി രൂപ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു 200 കോടി രൂപ, കുടിവെള്ളത്തിനു 1100 കോടി രൂപ എന്നിവയാണ് മറ്റു പ്രധാന ഇനങ്ങൾ. റോഡു-പാലങ്ങൾക്ക് കിഫ്ബി പ്രോജക്ടുകളടക്കം 1500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമത്തിനും തോട്ടം ലയങ്ങളുടെ വികസനത്തിനും 1000 കോടി രൂപ ചെലവാക്കാൻ ഉദ്ദേശിക്കുന്നു. അങ്ങനെ അഞ്ചുവർഷംകൊണ്ട് ഇടുക്കി ജില്ലയിൽ 12000 കോടി രൂപയാണ് ചെലവഴിക്കുക. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടങ്കൽ ഇതിനു പുറമേയാണ്. ഇത്രയും വലിയ തുക ഏകോപിതമായും കാര്യക്ഷമമായും ചെലവഴിക്കാൻ കഴിഞ്ഞാൽ ഇടുക്കി ജില്ലയുടെ മുഖച്ഛായ മാറും. ഈ പാക്കേജിന്റെ നടത്തിപ്പിനായി സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും മാസംതോറും അവലോകനം നടത്തുകയും ചെയ്യും.

71. ഇടുക്കി ജില്ല ഇന്ന് അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് പര്യാപ്തമാണ് ഈ പാക്കേജ്. കാർഷിക മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കണം, ദാരിദ്ര്യം തുടച്ചുമാറ്റണം, തൊഴിലില്ലായ്മ കുറയ്ക്കണം, പരിസ്ഥിതി സന്തുലനാവസ്ഥ പുനസ്ഥാപിക്കണം. ഈ ലക്ഷ്യങ്ങളാണ് പാക്കേജിന്റെ ഭാഗമായി നേടിയെടുക്കേണ്ടത്. ഇടുക്കി പാക്കേജ് വിജയകരമായി നടപ്പിലാക്കുന്നതിന് സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും, കക്ഷി-രാഷ്ട്രീയ ഭേദമന്യേ ജനങ്ങളും ഒരുമിച്ച് പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സെക്ഷൻ ഓഫീസർ**